(ബി) സമുദ്ര മത്സ്യത്തിന്റെ ലഭ്യത കുറയുന്നത് അശാസ്ത്രീയവും നിരോധിത മാർഗ്ഗങ്ങളിലൂടെയും ഉള്ള മത്സ്യബന്ധനം മൂലമാണെന്ന വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ സംസ്ഥാനത്തിന്റെ മത്സ്യ സമ്പത്ത് നിലനിറുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും നിലവിൽ അനുവർത്തിക്കുന്ന അശാസ്ത്രീയവും നിരോധിതവുമായ മത്സ്യബന്ധന രീതികൾ തടയുന്നതിനാവശ്യമായ നടപടികൾ ശക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ സമുദ്ര മത്സ്യ ലഭ്യതയിൽ കുറവുണ്ടാകുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് ഫിഷറീസ് വകുപ്പ് പഠനങ്ങൾ നടത്തിയിട്ടില്ല.

(ബി) ഉണ്ട്.

(സി) നിരോധിക്കപ്പെട്ട വലകൾ ഉപയോഗിച്ചുള്ള അനധികൃത മത്സ്യബന്ധനം തടയുന്നതിന് മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ 5 ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് കടൽ പട്രോളിംഗ് നടത്തി വരുന്നുണ്ട്. അനധികൃത മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കെ.എം.എഫ്.ആർ. ആക്ട്-ലെ വ്യവസ്ഥകൾക്കനുസരിച്ച് ഇംപൗണ്ട് ചെയ്ത് 5,000 രൂപ മുതൽ 50,000 രൂപ വരെ പിഴ ഈടാക്കി വരുന്നുണ്ട്. കൂടാതെ നിയമലംഘനം ആവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ മത്സ്യബന്ധന യാനവും യാനത്തിലെ മത്സ്യവും ഉൾപ്പെടെ സർക്കാരിലേക്ക് കണ്ടുകെട്ടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

കോരപ്പുഴയിൽ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രം

112 (1817) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കോരപ്പുഴയിൽ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രം നിർമ്മിക്കുന്നതിനായി സാധ്യതാ പഠനം നടത്താൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ, സാധ്യതാപഠനം നടത്താൻ ചുമതലപ്പെടുത്തിയ ഏജൻസിയുടെ പേരും അനുവദിച്ച തുകയും വെളിപ്പെടുത്താമോ ;

(സി) സാധ്യതാപഠനം നടത്താൻ പ്രസ്തുത ഏജൻസിക്ക് കാലപരിധി നിർണ്ണയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

996/2018

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) കോരപ്പുഴയിൽ ഒരു മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രം നിർമ്മിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തുന്നതിന് 23 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് മാതൃകാപഠനം നടത്തുന്നതിന് ആവശ്യമായ തുക, കാലയളവ് എന്നിവ അറിയിക്കാൻ കേന്ദ്ര സർക്കാർ ഏജൻസിയായ CWPRS, പൂനെയോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

മത്സ്യത്തൊഴിലാളികളുടെ പാർപ്പിട പ്രശ്നങ്ങൾ

113 (1818) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തമായി വീടുവയ്ക്കാൻ സ്ഥലമില്ലാത്ത മത്സ്യത്തൊഴിലാളികളുടെ പാർപ്പിട പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവരുടെ പാർപ്പിടപ്രശ്ന പരിഹാരത്തിന് ആവിഷ്കരിച്ച പദ്ധതികളും നടപടികളും വിശദമാക്കുമോ ;

(ബി) മത്സ്യത്തൊഴിലാളികളെ തീരദേശങ്ങളിൽ നിന്ന് മാറ്റി ഭൂമിയില്ലാത്തതിന്റെ പേരിൽ മറ്റ് ദേശങ്ങളിൽ പാർപ്പിക്കേണ്ട സ്ഥിതിവിശേഷം നിലവിലുണ്ടോ ; ഇവരെ തീരപ്രദേശത്തു തന്നെ താമസിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂരഹിതരും ഭവനരഹിതരുമായ തെരഞ്ഞെടുക്കപ്പെടുന്ന 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഫ്ലാറ്റ് നിർമ്മിച്ചു നൽകുന്ന "ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവനപദ്ധതി"-ക്ക് 2014-15 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്. ടി പദ്ധതിയുടെ അടങ്കൽ തുക 48.75 കോടി രൂപയാണ്. ആദ്യഘട്ടമായി വലിയതുറ മത്സ്യഗ്രാമത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ അനുവദിച്ച 42.45 സെന്റ് ഭൂമിയിൽ 32 കുടുംബങ്ങൾക്ക് ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്നു. മറ്റു സ്ഥലങ്ങളിൽ ഫ്ലാറ്റ് നിർമ്മാണത്തിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഈ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly